

ടിനി ഫിലിപ്പ്

*The Contrarian Consultant*

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

**ആഗോള പ്രവചന മാതൃക- ഭാഗം 13**

# ട്രംപിന്റെ ലക്ഷ്യം സാമ്പത്തിക വളർച്ച

**യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നയങ്ങൾ ലക്ഷ്യമിടുന്നതെന്ത്? എന്തുകൊണ്ട് ബിസിനസുകാർ അത് അറിഞ്ഞിരിക്കണം?**

പ്രസിഡന്റ് ട്രംപ് അധികാരത്തിൽ തിരിച്ചെത്തിയതിനെത്തുടർന്ന് യുഎസിലുണ്ടായ വമ്പിച്ച സാമ്പത്തിക, രാഷ്ട്രീയ മാറ്റങ്ങളെ മനസിലാക്കാൻ ഇന്ന് ഓരോ ബിസിനസുകാരനും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ തീരുമാനങ്ങൾ ആഗോള വ്യാപാരം, തൊഴിൽ വിപണി, മൂലധന പ്രവാഹം, നിക്ഷേപ തന്ത്രങ്ങൾ എന്നിവയെ ഇതിനകം തന്നെ ബാധിച്ചു തുടങ്ങിയിട്ടുണ്ട്.

ചിത്രം ഒന്നിൽ കാണിച്ചിരിക്കുന്ന, എന്റെ 'ആഗോള പ്രവചന മാതൃക' ലോകത്തെ കാണുന്നത് കാരണങ്ങൾ (Causes), പ്രവർത്തനങ്ങൾ (Actions), ഫലങ്ങൾ (Effects) എന്നിങ്ങനെയാണ്.



*Figure 1: Global Prediction Model*




യുഎസിന്റെ സാമ്പത്തിക ദിശയെ രൂപപ്പെടുത്തുന്ന നാല് പ്രധാന പ്രവർത്തനങ്ങളെ കുറിച്ചാണ് ഈ ലേഖനം പ്രതിപാദിക്കുന്നത്:

1. എണ്ണവില ബാരലിന് 55-75 ഡോളറിനിടയിൽ സ്ഥിരത കൈവരിക്കുന്നു.
2. യുഎസ് യഥാർഥ ജിഡിപി വളർച്ച മൂന്ന് ശതമാനത്തിന് മുകളിൽ നിലനിൽക്കുന്നു.
3. യുഎസ് ധനക്കമ്മി ജിഡിപിയുടെ മൂന്ന് ശതമാനത്തിലേക്ക് താഴുന്നു.
4. യുഎസ് കറന്റ് അക്കൗണ്ട് മിച്ചം.

വെവ്വേറെ നോക്കിയാൽ ഈ ലക്ഷ്യങ്ങൾ വെല്ലുവിളി നിറഞ്ഞതാണ്. ഇവയെല്ലാം ഒത്തുചേരുമ്പോൾ ആഗോള വ്യാപാരം, മൂലധന വിപണി, ബിസിനസ് ആസൂത്രണം എന്നിവയെ പുനർനിർമിക്കാൻ കഴിയുന്ന ഒരു സംയോജിത തന്ത്രമായി മാറുന്നു.

## 1 എണ്ണവിലയിലെ സ്ഥിരത

പതിറ്റാണ്ടുകളായി, എണ്ണ വിലയിലുണ്ടാകുന്ന ചാഞ്ചാട്ടം ലോക സമ്പദ് വ്യവസ്ഥയെ അസ്ഥിരപ്പെടുത്തുന്ന വലിയൊരു ഘടകമായിരുന്നു. വിലയിലുണ്ടാകുന്ന പെട്ടെന്നുള്ള വർധന മാന്ദ്യത്തിനും നാണയപ്പെരുപ്പത്തിനും കാരണമായി. വിലയിലുണ്ടാകുന്ന കനത്ത ഇടിവ് കയറ്റുമതിക്കാരെ തകർക്കുകയും എണ്ണ ഖനന നിക്ഷേപങ്ങളെ തടസപ്പെടുത്തുകയും ചെയ്തു. കൃത്യമായ ആസൂത്രണത്തോടെ മുന്നോട്ട് പോകാൻ ബിസിനസുകൾക്ക് സാധിച്ചിരുന്നില്ല. പുതിയ അജണ്ട എണ്ണവിലയെ പ്രവചനാതീതമായ ഒരു പരിധിക്കുള്ളിൽ സ്ഥിരപ്പെടുത്താൻ ലക്ഷ്യമിടുന്നു. എങ്ങനെ?

- ഖനനത്തിനായി ഫെഡറൽ ഭൂമി വിട്ടുകൊടുക്കുന്നു.
- ഓഫ്ഷോർ ലീസ് അനുവദിക്കുന്നു.
- പൈപ്പ്ലൈൻ പദ്ധതികൾ വേഗത്തിലാക്കുന്നു.
- ഫ്രാക്കിംഗ് (Fracking), ഷെയ്ൽ (Shale) റെഗുലേഷനുകളിൽ ഇളവ് നൽകുന്നു.
- മിഡിൽ ഈസ്റ്റേൺ ഉൽപാദകരുമായി ഏകോപനം ഉറപ്പാക്കുന്നു.

ലക്ഷ്യം വ്യക്തമാണ്- വിലയിലെ ചാഞ്ചാട്ടം കുറക്കുക, ഊർജ ചെലവ് നിയന്ത്രിക്കുക, അതുവഴി നാണയപ്പെരുപ്പത്തിന്റെ ചാക്രികത തകർക്കുക. എണ്ണവിലയിലെ സ്ഥിരത നാണയപ്പെരുപ്പത്തെ കുറക്കും. ഇത് പലിശ നിരക്ക് താഴാൻ കാരണമാകും. ഇതുവഴി നിർമാണം, ലോജിസ്റ്റിക്സ്, റോബോട്ടിക്സ്, ഇൻഫ്രാസ്ട്രക്ചർ തുടങ്ങിയ മേഖലകളിൽ ദീർഘകാല നിക്ഷേപം സാധ്യമാകും. എണ്ണവില 60 ഡോളറുകളിൽ തുടരുകയാണെങ്കിൽ, കഴിഞ്ഞ ദശകങ്ങളിൽ ഇല്ലാത്ത വിധം നാണയപ്പെരുപ്പത്തിന്മേൽ നിയന്ത്രണം നേടാൻ യുഎസിന് സാധിക്കും.

**നേട്ടമുണ്ടാക്കുന്നവർ:** യുഎസ് ഷെയ്ൽ/റിഫൈനിങ് കമ്പനികൾ, ഗതാഗതവും ലോജിസ്റ്റിക്സും, എയർലൈനുകളും, റീറ്റെയ്ലർമാരും ഊർജം ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾ.

**നഷ്ടമുണ്ടാകുന്നവർ:** ഒപെക് രാജ്യങ്ങളുടെ ബജറ്റുകൾ, റഷ്യയുടെ സാമ്പത്തിക സുരക്ഷിതത്വം, എണ്ണയെ ആശ്രയിക്കുന്ന സോവറിൻ വെൽത്ത് ഫണ്ടുകൾ.

യുഎസ് സാമ്പത്തിക തന്ത്രത്തിലെ ആദ്യ തടസമായി എണ്ണ സ്ഥിരത മാറുന്നു.

## 2 സുസ്ഥിരമായ മൂന്ന് ശതമാനം യഥാർഥ ജിഡിപി വളർച്ച

കഴിഞ്ഞ 20 വർഷമായി അമേരിക്കൻ സമ്പദ്‌വ്യവസ്ഥ രണ്ട് ശതമാനം ജിഡിപി വളർച്ച മറികടക്കാൻ പാടുപെടുകയായിരുന്നു. ജനസംഖ്യാപരമായ മാറ്റങ്ങൾ, വ്യവസായവൽക്കരണത്തിന്റെ കുറവ്, ഉൽപാദനക്ഷമതയിലെ മന്ദത എന്നിവ വളർച്ചയെ തടഞ്ഞു.

പുതിയ കാഴ്ചപ്പാട് മൂന്ന് ശതമാനത്തിന് മുകളിലുള്ള യഥാർഥ വളർച്ച ലക്ഷ്യം വെക്കുന്നു. എങ്ങനെ?

- കോർപറേറ്റ്, എസ്എംഇ നികുതി ഇളവ്.
- ഓട്ടോമേഷനിലൂടെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നു.
- ഉൽപാദനം സ്വന്തം രാജ്യത്തേക്ക് തിരികെ കൊണ്ടുവരുന്നു.
- ആഭ്യന്തര വിതരണ ശൃംഖലയുടെ പുനർനിർമാണം.
- ഊർജ ഉൽപാദനം വർധിപ്പിക്കുന്നു.
- നിയന്ത്രണങ്ങൾ ലഘൂകരിക്കുന്നു.
- പലിശ നിരക്ക് കുറയുന്നതിലൂടെ മൂലധനം ചെലവ് കുറഞ്ഞതാകുന്നു.

ജിഡിപി വളർച്ച എന്നത് പ്രധാനമായും തൊഴിൽ+ഉൽപാദനക്ഷമത എന്നതാണ്. ജനസംഖ്യ നിരക്ക് കുറവാണെങ്കിൽ ഉൽപാദനക്ഷമത വേഗത്തിലാക്കണം. ഇതിനായി റോബോട്ടിക്സ് ഉപയോഗപ്പെടുത്തുന്നു.

ഈ ആശയം ലളിതമാണ്; ഓട്ടോമേഷൻ ചെലവേറിയ മനുഷ്യാധ്വാനത്തിന് പകരമാവുകയും പ്രതി ആളുകളിൽ നിന്നുള്ള ഉൽപാദനം വർധിപ്പിക്കുകയും യഥാർഥ സാമ്പത്തിക വികാസത്തെ വൻതോതിൽ പിന്തുണക്കുകയും ചെയ്യുന്നു. യുഎസ് മൂന്ന് ശതമാനം വളർച്ചയിലേക്ക് നീങ്ങിയാൽ ആഗോള മൂലധന പ്രവാഹത്തിൽ മാറ്റം വരും. പണം വളർച്ചയുള്ള ഇടങ്ങളിലേക്ക് ഒഴുകും. അമേരിക്ക വീണ്ടും വികസിത ലോകത്തിന്റെ വളർച്ച എൻജിനായി മാറും.

## 3 ധനക്കമ്മി മൂന്ന് ശതമാനത്തിലേക്ക്

യുഎസിന്റെ ധനക്കമ്മി ആഗോള വിപണിയിലെ വലിയൊരു ആശങ്കയാണ്. ഇത് നാണയപ്പെരുപ്പത്തിനും കടബാധ്യതക്കും കാരണമാകുന്നു.

ലക്ഷ്യം: ഈ കമ്മി ജിഡിപിയുടെ മൂന്ന് ശതമാനത്തിലേക്ക് എത്തിക്കുക. അതിനുള്ള വഴികൾ:

- ഊർജ ഉൽപാദനത്തിൽ നിന്നുള്ള റോയൽറ്റി വരുമാനം കൂട്ടുക.
- സർക്കാർ ചെലവുകൾ കുറക്കൽ.
- തീരുവകളും വ്യവസായങ്ങൾ തിരികെയെത്തുന്നത് വഴിയുള്ള നികുതി വരുമാനം.
- പലിശ നിരക്ക് കുറക്കുന്നതിലൂടെ വായ്പ ചെലവ് കുറയുന്നു.
- സാങ്കേതികവിദ്യ ഉപയോഗിച്ച് തൊഴിൽക്ഷമത വർധിപ്പിക്കുന്നു.

മൂന്ന് ശതമാനം യഥാർഥ വളർച്ചയും കുറഞ്ഞ നാണയപ്പെരുപ്പവും ഉണ്ടെങ്കിൽ, നോമിനൽ ജിഡിപി പ്രതിവർഷം ആറ് ശതമാനം വളരും.

ചെലവ് ഇതിലും കുറഞ്ഞ നിരക്കിൽ വർധിച്ചാൽ ധനക്കമ്മി സ്വാഭാവികമായും കുറയും. ഈ നയം വാദിക്കുന്നത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതക്ക് ആവശ്യം ഉയർന്ന നികുതിയല്ല എന്നാണ്; മറിച്ച് കൂടുതൽ സാമ്പത്തിക വളർച്ചയും സർക്കാർ ചെലവുകൾ കുറക്കുകയുമാണ് വേണ്ടത്.

യുഎസ് ധനക്കമ്മി മൂന്ന് ശതമാനത്തിലേക്ക് താഴുകയാണെങ്കിൽ, രണ്ട് പ്രധാന ഫലങ്ങൾ ഉണ്ടാകുന്നു:

1. ട്രഷറി വരുമാനം ഘടനാപരമായി കുറയുന്നു-വായ്പ ചെലവ് കുറയ്ക്കുന്നു.
2. ഇൻവെസ്റ്റ്മെന്റ് മൾട്ടിപ്പിൾസ് വർധിക്കുന്നു-ഉയർന്ന ഓഹരി മൂല്യനിർണയം.

ആഗോള ബിസിനസ് ആസൂത്രകരെ സംബന്ധിച്ച് ഇത് കുറഞ്ഞ നിരക്കിലുള്ള വായ്പക്കും സർക്കാരിന്റെ വായ്പ രീതികൾ കൂടുതൽ പ്രവചനയോഗ്യമാകുന്നതിനും സഹായിക്കുന്നു.

## 4 കറന്റ് അക്കൗണ്ട് മിച്ചം

ഏറ്റവും നാടകീയമായ മാറ്റം എന്നത് യുഎസിനെ ഒരു കറന്റ് അക്കൗണ്ട് മിച്ചമുള്ള രാജ്യമാക്കി മാറ്റുകയെന്ന ആഗ്രഹമാണ്. പലർക്കും ഇത് അസാധ്യമെന്ന് തോന്നാം. കഴിഞ്ഞ 40 വർഷമായി വ്യാപാര കമ്മി നേരിടുന്ന രാജ്യമാണത്.

ഈ പുതിയ മാതൃക നാല് തൂണുകളിലാണ് നിൽക്കുന്നത്:

1. **റോബോട്ടിക്സ്:** പ്രതി യൂണിറ്റ് തൊഴിൽ ചെലവ് കുറയുന്നു-കയറ്റുമതിയിൽ മത്സരക്ഷമമാകുന്നു. ഓട്ടോമേഷൻ വഴി ആഭ്യന്തര ഉൽപാദനം ചെലവ് കുറഞ്ഞതാക്കുന്നു.
2. **ഊർജ കയറ്റുമതി:** എൽഎൻജി, ക്രൂഡ് ഓയിൽ എന്നിവയുടെ കയറ്റുമതി വർധിപ്പിക്കുന്നത് വ്യാപാര സന്തുലിതാവസ്ഥ മെച്ചപ്പെടുത്തും.
3. **ഇറക്കുമതി പകരക്കാർ:** തീരുവകളിലൂടെയും മറ്റും വിദേശ നിർമിത വസ്തുക്കളെ ആശ്രയിക്കുന്നത് കുറക്കും.
4. **കറൻസി തന്ത്രം:** നേരിയ തോതിൽ ദുർബലമാകുന്ന ഡോളർ കയറ്റുമതി വർധിപ്പിക്കുകയും ഇറക്കുമതി കുറക്കുകയും ചെയ്യുന്നു.

ഈ ഘടകങ്ങൾ ഒത്തുചേർന്നാൽ യുഎസിന്റെ വ്യാപാരക്കമ്മി കുറയുകയും നേരിയ മിച്ചമായി മാറുകയും ചെയ്യും. ഒരു കറന്റ് അക്കൗണ്ട് മിച്ചം എന്നത് പതിറ്റാണ്ടുകളായി നിലനിന്നിരുന്ന മൂലധന ആശ്രിതത്വത്തിന്റെ വിപരീത ദിശയിലേക്കുള്ള മാറ്റത്തെ സൂചിപ്പിക്കുന്നു. അതിനർത്ഥം:

- കൂടുതൽ ആഭ്യന്തര നിക്ഷേപം.
- ആഗോളതലത്തിൽ യുഎസിന്റെ കൂടുതൽ ശക്തമായ വിലപേശൽ ശേഷി.
- ലോകത്തിലെ കരുതൽ ആസ്തികളുടെ ഒഴുക്കിലെ മാറ്റം.

ഇത് ആഗോള സാമ്പത്തിക ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ മാറ്റങ്ങളിൽ ഒന്നായിരിക്കും.

### ഉപസംഹാരം

- എണ്ണവില സ്ഥിരത നാണയപ്പെരുപ്പം കുറക്കുന്നു.
- കുറഞ്ഞ നാണയപ്പെരുപ്പം പലിശ നിരക്ക് കുറക്കുന്നു.
- കുറഞ്ഞ പലിശ നിരക്ക് നിക്ഷേപം വർധിപ്പിക്കുന്നു.
- നിക്ഷേപം ഉൽപാദനക്ഷമത കൂട്ടുന്നു.
- ഉൽപാദനക്ഷമത മൂന്ന് ശതമാനം യഥാർഥ വളർച്ച നൽകുന്നു.
- വളർച്ച നികുതി അടിത്തറ വർധിപ്പിക്കുന്നു.
- വർധിച്ച വരുമാനം ധനക്കമ്മി കുറക്കുന്നു.
- ഓട്ടോമേഷൻ കയറ്റുമതി പരിഷ്കരിക്കുന്നു.
- കയറ്റുമതി കറന്റ് അക്കൗണ്ട് മിച്ചം ഉണ്ടാക്കുന്നു.

ഓരോ ലക്ഷ്യവും മറ്റുള്ളവയെ ആശ്രയിച്ചിരിക്കുന്നു. ഇത് നയങ്ങളുടെ വെറുമൊരു കൂട്ടമല്ല; മറിച്ച് ഏകീകൃതമായ ഒരു ഘടനയാണ്. ബിസിനസ് കാഴ്ചപ്പാടിൽ നോക്കിയാൽ, ഇതിന്റെ ഫലങ്ങൾ വ്യക്തമാണ്:

- ഊർജ വിപണിയിലെ അസ്ഥിരത കുറഞ്ഞേക്കാം.
- പലിശ നിരക്കുകൾ ഘടനാപരമായി കുറഞ്ഞേക്കാം.
- യുഎസിലെ നിക്ഷേപവും നിയമനങ്ങളും വേഗത്തിലായേക്കാം.
- ട്രഷറി വിപണികൾ വീണ്ടും സ്ഥിരത കൈവരിച്ചേക്കാം.
- കയറ്റുമതി രംഗത്തെ മത്സരം തീവ്രമായേക്കാം.
- ആസ്തി വിപണികൾ ഉയർന്ന മൂല്യത്തിലേക്ക് പുനർനിർണയിക്കപ്പെട്ടേക്കാം.

ലോകം സാധാരണയായി നയങ്ങളെ ഭാഗികമായാണ് വിശകലനം ചെയ്യാറുള്ളത്. എന്നാൽ ഫലങ്ങൾ ഉണ്ടാകുന്നത് സംവിധാനങ്ങളുടെ പ്രവർത്തനത്തിലൂടെയാണ്.

സാമ്പത്തിക വളർച്ച വീണ്ടെടുക്കുക, ബജറ്റുകൾ സ്ഥിരപ്പെടുത്തുക, ഉൽപാദന മേഖലയെ പുനർവ്യവസായവൽക്കരിക്കുക, വ്യാപാര മേഖലയെ പുനർനിർമിക്കുക തുടങ്ങിയവയിലൂടെ യുഎസ് ഒരു സമ്പൂർണ സാമ്പത്തിക പുനഃക്രമീകരണത്തിന് ശ്രമിക്കുന്നതായി കാണുന്നു. ■

*ആഗോള പ്രവചന മാതൃക യുടെ മുൻ ലക്കങ്ങൾ വായിക്കാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*

